# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.05/PR/PIC/PHQ/18 Date : 07.01.2018

---

## പോലീസിന് പുതിയ മുഖം ഉണ്ടാകുക പ്രധാനം – മുഖ്യമന്ത്രി

സാമൂഹിക ഉത്തരവാദിത്തം നിറവേറ്റുന്ന വിധമുള്ള പോലീസിന്റെ പുതിയ മുഖം മാറിയ കാലഘട്ടത്തിൽ പ്രധാനമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൊല്ലം സിറ്റി പോലീസ് ഓഫീസിന് കിട്ടിയ ISO സർട്ടിഫിക്കേഷൻ പ്രഖ്യാപനവും ജനമൈത്രി ഭവനസന്ദർശന പ്രഖ്യാപനവും നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലം മാറിയിട്ടും സ്വയംമാറില്ലയെന്ന ചിന്തയുള്ള ചിലർ പോലീസിലുണ്ട്. അവർ ആ രീതി ഉപേക്ഷിക്കണം. ക്രമവിരുദ്ധമായി പെരുമാറുന്നവർക്ക് നേരെ ക്രമവിരുദ്ധമായിപെരുമാറാൻ അവകാശമില്ലെന്ന് ഓർക്കണം. അങ്ങനെ പെരുമാറുന്നവർ കടുത്ത അച്ചടക്ക നടപടി നേരിടേണ്ടിവരും. തെറ്റായ പ്രവർത്തന രീതി സേനയ്ക്കാകെ ദുഷ്പേരുണ്ടാക്കും. എന്നാൽ കുറ്റകൃത്യത്തെ കുറ്റകൃത്യമായിക്കണ്ട് നടപടിയെടുക്കണം.

ജനങ്ങളുമായി അടുത്ത് ഇടപഴകുന്നത് ഉറപ്പാക്കാനാണ് ജനമൈത്രി പോലീസ് ശ്രമിക്കുന്നത്. അതുകൊണ്ട് സംസ്ഥാനത്തെ എല്ലാ സ്റ്റേഷനുകളും ജനമൈത്രി സംവിധാനത്തിലേയ്ക്ക് മാറുകയാണ്. പോലീസിന്റെ സേവനാത്മകതയ്ക്ക് കൂടി പ്രാധാന്യം നൽകുകയാണിപ്പോൾ. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പാക്കാൻ നടപ്പിലാക്കുന്ന പദ്ധതികളിൽ ഏറ്റവും പ്രധാനമാണ് നിർഭയ പദ്ധതി. ഫലപ്രദമായ സുരക്ഷയൊരുക്കാൻ ഏർപ്പെടുത്തിയ പിങ്ക് പോലീസ് സംവിധാനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയുമാണ്. ക്രമസമാധാനം ഉറപ്പാക്കുന്നതിനൊപ്പം സാമൂഹിക ഉത്തരവാദിത്തംകൂടി നിറവേറ്റുന്ന വിധത്തിലേയ്ക്ക് മാറുകയാണ് പോലീസ് സംവിധാനം.

മികച്ച പ്രവർത്തനത്തിലൂടെ ISO : 9001- 2015 സർട്ടിഫിക്കേഷൻ കരസ്ഥമാക്കിയ ജില്ലാ പോലീസ് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. സംസ്ഥാനത്ത് ആദ്യമായി ഈ അംഗീകാരം നേടിയ കൊല്ലത്തിന്റെ മാതൃക മറ്റ് എല്ലാ ജില്ലകളും പിൻതുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്. സേവനമികവിലൂടെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരാൻ സേനയ്ക്ക് കഴിയും. കേരളത്തിലെ സ്റ്റുഡന്റ് പോലീസ് സംവിധാനം രാജ്യത്തിനുതന്നെ മാതൃകയാണെന്നും അത്

മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കുമെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി വ്യക്തമാക്കി കഴിഞ്ഞു. രാജ്യത്തെ പത്ത് മികച്ച പോലീസ് സ്റ്റേഷനുകളിലൊന്ന് കേരളത്തിലാണെന്ന് അംഗീകരിക്കപ്പെട്ടുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

സ്ത്രീകളോടും കുട്ടികളോടുമുള്ള സമൂഹത്തിന്റെ സമീപനത്തിൽ മാറ്റം വരണമെന്നും അവരുടെ സുരക്ഷ ഉറപ്പാക്കാൻ നിർഭയ പദ്ധതിയ്ക്കാവുമെന്നും അദ്ധ്യക്ഷയായ ഫിഷറീസ് മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ പറഞ്ഞു.

നിർഭയ പദ്ധതിയുടെ ഉദ്ഘാടനം ചലച്ചിത്രനടി മഞ്ജുവാര്യർ നിർവ്വഹിച്ചു. പദ്ധതിയുടെ ഭാഗമായ വേതനവിതരണവും നടത്തി എം എൽ എ മാരായ എം മുകേഷ്, എം നൗഷാദ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജഗദമ്മ, സിറ്റി പോലീസ് കമ്മീഷണർ എസ് അജിതാബീഗം, സംസ്ഥാന വനിതാ കമ്മീഷൻ അംഗം ഷാഹിദ കമാൽ, കുടുംബശ്രീ കോർഡിനേറ്റർമാരായ എ ജി സന്തോഷ്, ആർ ബീന, പോലീസ് ഉദ്യോഗസ്ഥർ, എസ് പി സി കേഡറ്റുകൾ, നിർഭയ വോളന്റിയേഴ്സ്, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

## ISO അംഗീകാരം നേടുന്ന കേരളത്തിലെ ആദ്യ ജില്ലാപോലീസ് ഓഫീസ്

ഇത്തരത്തിൽ ISO : 9001- 2015 അംഗീകാരം നേടുന്ന കേരളത്തിലെ ആദ്യത്തേയും ഇന്ത്യയിൽ രണ്ടാമത്തേയും ജില്ലാ പോലീസ് ഓഫീസാണ് കൊല്ലം സിറ്റി.

സേവനാവകാശം, വിവരാവകാശം തുടങ്ങി പൊതുജനങ്ങൾക്കും പോലീസ് സേനാംഗങ്ങൾക്കും ലഭിക്കേണ്ട സേവനങ്ങൾ വളരെ മികവുറ്റ രീതിയിൽ നൽകിവരുന്നതിന്റെ അടിസ്ഥനത്തിലാണ് കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിനെ ISO : 9001- 2015 സർട്ടിഫിക്കേഷനായി തിരഞ്ഞെടുത്തത്. ഇത്തരം അംഗീകാരം ലഭിക്കുന്നതിലൂടെ കൊല്ലം സിറ്റി പോലീസ് ഓഫീസ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയരുകയും പൊതുജനങ്ങൾക്കും പോലീസ് സേനാംഗങ്ങൾക്കും കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിൽ മറ്റ് പോലീസ് കാര്യാലയങ്ങൾക്ക് മാതൃകയാകുകയും ചെയ്യും.

ജനമൈത്രി സുരക്ഷയുടെ ഭാഗമായി ഓരോ പോലീസ് സ്റ്റേഷനുകളുടേയും അധികാരപരിധിയിലുള്ള എല്ലാ വീടുകളും സന്ദർശിച്ച് വിവരശേഖരണാർത്ഥം എന്നതിലുപരി പോലീസ്-പൊതുജനസമ്പർക്കം കൂടുതൽ കാര്യക്ഷമമാക്കാൻ കൊല്ലം സിറ്റി പോലീസിന് കഴിഞ്ഞു. കൂടാതെ, കൊല്ലം സിറ്റി ജില്ലയിലെ മുഴുവൻ പോലീസ് ഉദ്യോഗസ്ഥരുടേയും കാരുണ്യ സഹായ സംഘടനയായ '*സാന്ദ്രം*' പദ്ധതി, പൊതുസമൂഹത്തിൽ സ്ത്രീകളിൽ സുരക്ഷിതബോധം, സ്വാശ്രയത്വം, ഭയരഹിതമായ ഇടപെടൽ എന്നിവ ഉറപ്പുവരുത്തുന്നതിലേയ്ക്കായി നടപ്പാക്കുന്ന ' *നിർഭയ കേരള പദ്ധതി*' എന്നിവ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ കൊല്ലം സിറ്റി പോലീസ് നടത്തിയ പരിശ്രമങ്ങൾക്കുള്ള അംഗികാരമായാണ് ISO : 9001- 2015 സർട്ടിഫിക്കേഷൻ.